**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീമതി. കെ. കെ. വാസന്തി, ശ്രീമതി. പി.ജി. ഗിരിജ ദേവി, ശ്രീ. ടി.ജി. പ്രതാപൻ എന്നിവർക്ക് ഹയർ ഗ്രേഡ് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.940/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 02/04/2018

---

പരാമർശം:- 1. സ.ഉ(പി) നം.7/2016/ധന തീയതി 20.01.2016

2. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.10.2016, 04.07.2017, 19.12.2017 എന്നീ തീയതികളിലെ ഇ 1/4144/2012/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയുടെ 25% തസ്തികകൾക്ക് 77,400-1,15,200/- രൂപ ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡ് റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. ഇതിൻപ്രകാരം അർഹതപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഹയർ ഗ്രേഡ് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കയുണ്ടായി. ചുവടെ പരാമർശിക്കുന്ന അർഹതപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അവർക്ക് നേരെ കൊടുത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ 77400-115200 രൂപ ശമ്പള സ്കെയിലിൽ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഹയർ ഗ്രേഡ് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| **ക്രമ നം** | **പേര്** | **പ്രാബല്യത്തീയതി** | **റിമാർക്ക്** |
|---|---|---|---|
| 1 | ശ്രീമതി. കെ.കെ. വാസന്തി *(31-05-2016 ൽ വിരമിച്ചു)* | 01/12/2015 | ശ്രീ. കെ. എസ്. സുഭാഷ് , എക്സി. എഞ്ചിനീയർ (ഹയർ ഗ്രേഡ്) 30.11.2015 ന് റിട്ടയർ ചെയ്തതിനെത്തുടർന്നുള്ള ഒഴിവിൽ |
| 2 | ശ്രീമതി. പി.ജി.ഗിരിജ ദേവി | 13/05/2016 | ശ്രീ. എൻ. ആർ. സോമൻ , എക്സി. എഞ്ചിനീയർ (ഹയർ ഗ്രേഡ്) 12.05.2016 ന് മരണമടഞ്ഞതിനെത്തുടർന്നുള്ള ഒഴിവിൽ |

(മറുപുറം)

| | | | |
|---|---|---|---|
| 3 | ശ്രീ. ടി.ജി. പ്രതാപൻ *(30-06-2017 ൽ വിരമിച്ചു)* | 01/06/2016 | ശ്രീ. വി. ഗിരീഷ് കുമാർ , എക്സി. എഞ്ചിനീയർ (ഹയർ ഗ്രേഡ്) 31.05.2016 ന് റിട്ടയർ ചെയ്തതിനെത്തുടർന്നുള്ള ഒഴിവിൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല. സി.എസ്**

**ഡെപ്യൂട്ടി സെക്രട്ടറി**

1 ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് *(ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)*

2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3 അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ

4 ബന്ധപ്പെട്ട ജില്ല ട്രഷറി ഓഫീസർ/ സബ് ട്രഷറി ഓഫീസർ *(ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)*

5 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

6 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

7 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.